# കേരള സർവകലാശാല

നം.പി.ആർ.262/2018

ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2018 ഡിസംബർ 18 ന് ആരംഭിക്കാനിരുന്ന പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷ 2019 ജനുവരി 7, 8, 9 തീയതികളിലേയ്ക്ക് മാറ്റിയിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2018 സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ് പരീക്ഷാഫലം വെബ്സൈറ്റിൽ.

2018 മേയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ടെക് (ഫുൾടൈം/പാർട്ട്ടൈം), നാലാം സെമസ്റ്റർ എം.ടെക് (പാർട്ട് ടൈം) 2013 സ്കീം മെക്കാനിക്കൽ എഞ്ചിനീയറിംഗ് സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

2019 ജനുവരി 7 മുതൽ ആരംഭിക്കുന്ന മൂന്ന്, അഞ്ച് സെമസ്റ്റർ ബി.ഡെസ്സ്, ജനുവരി 8 മുതൽ ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.ഡെസ്സ് പരീക്ഷകൾക്ക് പിഴ കൂടാതെ ഡിസംബർ 14 വരെയും 50 രൂപ പിഴയോടെ ഡിസംബർ 17 വരെയും 125 രൂപ പിഴയോടെ ഡിസംബർ 19 വരെയും അപേക്ഷിക്കാം.

### ഉത്തരക്കടലാസുകൾ തിരിച്ചേൽപ്പിക്കുക

2018 ആഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്/സി.ആർ പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയത്തിനായി തിരുവനന്തപുരം, കൊല്ലം, പന്തളം, ആലപ്പുഴ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൂല്യനിർണ്ണയ ക്യാമ്പിൽ നിന്ന് മൂല്യനിർണ്ണയം നടത്തുന്നതിനായി അദ്ധ്യാപകർ കൈപ്പറ്റിയിരിക്കുന്ന ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം പൂർത്തിയാക്കി ഡിസംബർ 4, 5, 6 തീയതികളിൽ അതാത് ക്യാമ്പിൽ ഏൽപ്പിക്കേണ്ടതാണ്. മൂല്യനിർണ്ണയ ജോലി പൂർത്തിയാക്കിയ അദ്ധ്യാപകർ വേതന ബില്ല്, ഡാറ്റാ ഷീറ്റ്, പാസ് ബുക്കിന്റെ കോപ്പി എന്നിവ ക്യാമ്പ് എ.ഒ മാർക്ക് സമർപ്പിക്കേണ്ടതാണ്.

## അപേക്ഷ ക്ഷണിക്കുന്നു

നിയമ വകുപ്പ് നടത്തുന്ന എട്ട് മാസം ദൈർഘ്യമുള്ള പി.ജി ഡിപ്ലോമ ഇൻ പേറ്റന്റ് ലോ കോഴ്സിന് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 15 വരെ നീട്ടിയിരിക്കുന്നു. യോഗ്യത: ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം, കോഴ്സ് ഫീസ്: 4000/-. അപേക്ഷ ഫോറം കാര്യവട്ടത്തുള്ള നിയമ വകുപ്പിന്റെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: 0471 – 2308936.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിലെ സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിംഗിൽ നടത്തുന്ന 'Spoken English Skill Development' (3 മാസം) കോഴ്സിലേയ്ക്ക് അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 7 വൈകിട്ട് 4 മണി വരെ നീട്ടിയിരിക്കുന്നു. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം 'ദി ഡയറക്ടർ, സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിംഗ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, കേരള സർവകലാശാല – 34. വിശദവിവരങ്ങൾക്ക്: 0471 – 2386325.

തിരുവനന്തപുരം.
01.12.2018

പബ്ലിക് റിലേഷൻസ് ഓഫീസർ